# മന്ത്രിയും പ്രവാചകനും പുരോഹിതനും

നൈനാൻ മാത്യുള്ള, യു.എസ്.എ

ഈ അടുത്തയിടെ എന്റെ ഒരു സുഹൃത്തുമായി നാട്ടിലെ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ഒരു സഭാ ശുശ്രൂഷകൻ കൂടിയായ അദ്ദേഹം അഭിമാനം കൊണ്ടു "ഞങ്ങൾ ഒരു രാഷ്ട്രീയ പാർട്ടിക്കും കൊടി പിടിക്കാനോ മുദ്രാവാക്യം വിളിക്കാനോ പോകത്തില്ല" അതെന്തുകൊണ്ടാണ് നമ്മെ ബാധിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ നിന്ന് മാറി നിൽക്കുന്നതെന്നു ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി അതുകൊണ്ട് സ്വസ്ഥതയ്ക്ക് ഭംഗം വരും" എന്നതായിരുന്നു. നമ്മെ ബാധിക്കുന്ന സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെടാതെ മാറി നിൽക്കുന്നത് സ്വസ്ഥതയ്ക്കു ഭംഗം വരുന്നതു കാരണമാണെങ്കിൽ അത് ഒരു തരം സ്വാർത്ഥതയല്ലേ. ചിലരെങ്കിലും പോലീസിലും പട്ടാളത്തിലും ചേർന്ന് തങ്ങളുടെ സ്വസ്ഥതയ്ക്കു ഭംഗം വരുന്നതുകൊണ്ടാണല്ലോ നാം ഭയം കൂടാതെ തലയുർത്തി നടക്കുന്നത്.

ഈ അടുത്ത കാലത്ത് എന്റെ ഒരു സുഹൃത്തു ചോദിച്ചു ഇതെന്തേ നിങ്ങളുടെ സമൂഹത്തിൽ ഇത്രയും സ്വാർത്ഥരായ മനുഷ്യർ അടിഞ്ഞുകൂടിയത് അദ്ദേഹം ചോദിക്കാൻ കാരണം അദ്ദേഹം അറിയുന്ന പല വ്യക്തികളും നല്ല ശമരിയാക്കാരന്റെ കഥയിലെ പുരോഹിതനെയോ ലേവ്യനെയോ പോലെ വഴിമാറി പോകുന്ന വ്യക്തികളാണ്. സ്വാർത്ഥത എല്ലാ മനുഷ്യരിലും ഉണ്ട്. സ്വാർത്ഥരായ മനുഷ്യർ എല്ലാ സമൂഹങ്ങളിലും ഉണ്ട്. അതുകൊണ്ട് സമൂഹത്തിന്റെ അഭിപ്രായത്തോടു യോജിക്കാൻ കഴിഞ്ഞില്ല. എങ്കിലും സ്വാർത്ഥത നമ്മുടെ സമൂഹത്തിൽ സാമാന്യമായ അനുപാതത്തിലും കൂടുതലില്ലേ എന്നു സന്ദേഹിച്ചു പോകുന്നു.

മറ്റു സമൂഹങ്ങളുമായി, സ്വന്ത സമൂഹങ്ങളുമായിട്ടു പോലും യാതൊരു സഹകരണവുമില്ലാത്ത ഒരു സമൂഹം. നമ്മുടെ അത്രയും ഒറ്റപ്പെട്ട വേറൊരു സമൂഹം ഉണ്ടോ എന്നു തോന്നുന്നില്ല. അതിനു വാക്യങ്ങളുണ്ട്. "ഇതാ തനിച്ചു പാർക്കുന്നൊരു ജനം ജാതികളുടെ ഇടയിൽ എണ്ണപ്പെടുന്നതുമില്ല" വേർപാടിന്റെ വികലമായ വ്യാഖ്യാനം. അടികൊള്ളുമ്പോഴും നാം തനിച്ചേ കാണുകയുള്ളൂ. സഹായത്തിന് ആരും എത്തുകയില്ല. ആരുമായി സഹകരണമില്ലാതെ തനിച്ചുപാർത്താൽ ഉള്ള അപകടം വേദപുസ്തകം എടുത്തുകാട്ടുന്നുണ്ട്.

പലരുടെയും ചിന്താഗതി ഇത് എന്റെ പ്രശ്നം മാത്രമല്ല പിന്നെ ഞാനെന്തിനാണ് പൊതുകാര്യത്തിൽ ഇടപെട്ട് എന്റെ സമയവും ഊർജ്ജവും ചിലവാക്കുന്നത് എന്നാണ്. ഈ ലേഖകൻ മറ്റു മലയാളി സമൂഹവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വ്യക്തിയാണ്. ഒരിക്കൽ മറ്റൊരു സഹോദരനോട് ഇടയ്ക്കൊക്കെ മറ്റു സമുദായക്കാരുമായി ചേർന്ന് പ്രവർത്തിക്കണം" എന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടി "നമുക്കു സഹകരിക്കാൻ പറ്റിയ ആളുകളൊന്നുമല്ല അവർ . അവർ കുടിയ്ക്കുകയും വലിക്കുകയും ഒക്കെ ചെയ്യും" വേർപാടിന്റെ വികലമായ വ്യാഖ്യാനവും സ്വയം നീതീകരണവും. എബ്രായർ 11:1 എഴു

താൻ നമ്മോട് ആവശ്യപ്പെട്ടിരുന്നെങ്കിൽ നമ്മിൽ പലരും അത് ശൂന്യമായി വിടാനാണ് സാദ്ധ്യത. ജോസഫിന്റെ പേര് ചേർത്തെന്നിരിക്കും എന്നാലും പൊങ്ങച്ചം പറഞ്ഞു എന്ന കുറ്റം പറയാനുണ്ട്. ശിംശോനെ അതിന് ചേർത്തതിൽ പലർക്കും അമർഷം ഉണ്ട്.

സ്വന്തം കഴിവുകൊണ്ട് ജീവിതവിശുദ്ധി നേടാമെന്ന് ആരെങ്കിലും ചിന്തിക്കുന്നുണ്ടെങ്കിൽ അത് മൗഢ്യമാണ്. എങ്കിൽ ക്രിസ്തു അവതരിക്കേണ്ടിയ ആവശ്യം ഇല്ലായിരുന്നല്ലോ? ശരീരത്തിന്റെ ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാതിരുന്നതിനെ സാധിപ്പിക്കാനല്ലോ മനുഷ്യപുത്രൻ വന്നത്(റോമർ 8:3) ആ ബലഹീനത ശരീരത്തിന് അന്നും ഇന്നും മാറ്റമൊന്നുമില്ലല്ലോ? അങ്ങനെ ശരീരത്തിന്റെ ബലഹീനതകൊണ്ടുകൂടിയാണ് പാപം ഉണ്ടാകുന്നതെങ്കിൽ പ്രവചനങ്ങളുടെ ആധിക്യം നിമിത്തം നിഗളിച്ചു പോകാതിരിക്കാൻ ശരീരത്തിലൊരു ബലഹീനത കൊടുക്കാൻ വേണ്ടി പൗലോസിനെ സാത്താന്റെ ദൂതനെ കുത്താൻ ഏൽപ്പിച്ചിരിക്കുന്നതിലെ മർമ്മം എത്രപേർക്കു മനസ്സിലാകും. പൗലോസിനു സംഭവിച്ചത് തിമിരം ആയിരുന്നു എന്നു പറയുന്ന സ്കോളേഴ്സ് കണ്ടേക്കാം. സാത്താൻ ഒരു കുത്തുകുത്തിയാൽ ഒരു തിമിരമേ സൃഷ്ടിക്കുവാൻ കഴിയൂ എന്നു ചിന്തിക്കാൻ പ്രയാസം.

സ്വന്തം കഴിവുകൊണ്ടും വികലമായ വേർപാടിൽ ആശ്രയിച്ചു അതിൽ കൂടിയും ജീവിത വിശുദ്ധി നേടാമെന്ന് ചിന്തിക്കുന്നവർ കൃപയിലല്ല കഴിവിലാണ് ആശ്രയിക്കുന്നത്. കൃപ കൃപയാണെങ്കിൽ പിന്നെ കൃപ അല്ല കഴിവാണ് എന്ന രീതിയിൽ ചിന്തിക്കുകയും സംസാരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതെന്താണ്. പൗലോസിന്റെ വാക്കുകൾ ഓർമ്മവരുന്നു. ദുർന്നടപ്പുകാരോടു സംസ്സർഗം അരുതു എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതീട്ടുണ്ടല്ലേ അതു ഈ ലോകത്തിലെ ദുർന്നടുപ്പുകാരോടോ അത്യാഗ്രഹികളോടോ പിടിച്ചുപറിക്കാരോടോ വിഗ്രഹാരാധികളോടോ അരുത് എന്നല്ലല്ലോ. അങ്ങനെയെങ്കിൽ നിങ്ങൾ ലോകം വിട്ടുപോകേണ്ടിവരും. പുറത്തുള്ളവരെ വിധിപ്പാൻ എനിക്കു എന്തുകാര്യം. നിങ്ങൾ അകത്തുള്ളവരെയല്ലോ വിധിക്കുന്നത് പുറത്തുള്ളവരെ ദൈവം വിധിക്കുന്നു.(1 കൊരി.5:913)

സ്വന്തം സഹോദരന്മാർ അടികൊള്ളുമ്പോൾ ഗാന്ധിജിയുടെ അക്രമരാഹിത്യവും ക്രിസ്തുവിന്റെ ഒരു കരണത്തടിച്ചാൽ മറ്റെ കരണം കാണിച്ചുകൊടുക്കണമെന്നുള്ള വാക്കുകളുടെയും മറവിൽ ഒരു ആമയെപ്പോലെ പ്രശ്നങ്ങളുടെ മുമ്പിൽ തല ഉള്ളിലേക്കു വലിക്കുന്ന നേതൃത്വം ഭീരുത്വത്തിന്റെ ചിത്രമാണ് വരച്ചുകാട്ടുന്നത്. ഇവിടെ ഗാന്ധിജിയും ക്രിസ്തുവും വല്ലാതെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. ഗാന്ധിജി രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷുകാർ ജയിച്ചുകാണണമെന്ന് ആഗ്രഹിക്കുകയും അവർക്ക് എല്ലാ പിന്തുണയും നൽകുകയും ചെയ്തു. ഇന്ത്യൻ പട്ടാളക്കാർ അതുകൊണ്ടുതന്നെ ബ്രിട്ടീഷ് സൈന്യത്തിൽ ജർമ്മനിക്കെതിരായി അണിനിരന്നു. രണ്ടാം ലോകമഹായുദ്ധം ജർമ്മനി ജയിച്ചിരുന്നെങ്കിൽ പല **ethic group**കളുടെയും അന്ത്യം ഗ്യാസ് ചേമ്പറിൽ ആകുമായിരുന്നു– ഈ ലേഖകനുൾപ്പെട്ട തെക്കെ ഇൻഡ്യൻ ആയ ദ്രാവിഡരും അതിൽപെടും. നേതാജി സുഭാഷിനെപ്പോലെയുള്ളതും ആര്യൻ രക്തം ഉണ്ടെന്നു കരുതപ്പെടുന്നതായ ചുരുക്കം വടക്കെ ഇൻഡ്യാക്കാർ രക്ഷപെടുമായിരിക്കും. ഹിറ്റ്ലറുടെ ക്യാബിനെറ്റ് മിനിസ്റ്റർ ആയിരുന്ന ആൽബർട്ട് റോസം ബർഗ് നാസി ചിന്താഗതിയുടെ വ്യക്താവായി എഴുതിയ **My Myth of the Twenteth Century** വായിച്ചാൽ ഇതു മനസ്സിലാകും. ദ്രാവിഡരെ തരംതാണ വിഭാഗമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ക്രിസ്തുവിനെ ന്യായീകരിച്ചാണ് ഭക്തിയുടെ പരിവേഷം എങ്കിൽ ക്രിസ്തുവിന് ഒരു ചാട്ടവാറുണ്ടാക്കി എല്ലാത്തിനെയും ദേവാലയത്തിൽ നിന്ന് അടിച്ചു പുറത്താക്കുന്നതിന് ഒരു മടിയുമില്ലായിരുന്നു. എപ്പോഴും ഒരു ചെകിട്ടത്തടിച്ചാൽ മറ്റെ ചെകിടു കാണിച്ചുകൊടുക്കുന്ന പച്ചവെള്ളം ചവച്ചരച്ചുകുടിക്കുന്ന പച്ചപ്പാവമായിട്ടാണ് എന്റെ ക്രിസ്തുവിനെ പലരും ചിത്രീകരിച്ചു കാണുന്നത്. ക്രിസ്തു അങ്ങനെയുള്ള ഒരു സ്വഭാവക്കാരനല്ലായിരുന്നു.

ഒരു ശുശ്രൂഷകനോട് എന്തേ ചാട്ടവാറുണ്ടാക്കി ദേവാലയം ശുദ്ധീകരിച്ച ക്രിസ്തുവിന്റെ ആ സ്വഭാവ വിശേഷം ആരും പ്രസംഗിക്കാത്തതെന്ന് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറു

പടി പരിശുദ്ധാത്മാവ് പ്രചോദനം തരുകയാണെങ്കിൽ പ്രസംഗിക്കാം എന്നായിരുന്നു. കുളിപ്പിച്ചു കുളിപ്പിച്ച് കുഞ്ഞില്ലാതായി എന്നു കേട്ടിട്ടുണ്ട്. പഠിപ്പിച്ച് പഠിപ്പിച്ച് ചിലരെയൊക്കെ മണ്ണിനും ചാണകത്തിനും കൊള്ളാത്തവരാക്കി എന്നു പറഞ്ഞാൽ മതി. പ്രതികരണശേഷി നഷ്ടപ്പെട്ട പ്രസ്ഥാനങ്ങളായി മാറിയിരിക്കുന്നു പല നവീകരണ ക്രിസ്ത്യൻ വിഭാഗങ്ങളും.

സ്നേഹത്തിൻ ശിക്ഷിക്കാൻ അവകാശമുണ്ട്. കൂട്ടുകാരന്റെ പാപം നിന്റെ മേൽ വരാതിരിക്കാൻ അവനെ താല്പര്യമായി ശിക്ഷിക്കണമെന്ന് ആവർത്തന പുസ്തകം നമ്മെ ഓർമ്മിപ്പെടുത്തുന്നു. മൂഢന്റെ മുതികിനു വടി എന്ന് സങ്കീർത്തനം പറയുന്നു. പിന്നെയും മൂഢന്റെ മുതുകിനു വടി എന്ന് സങ്കീർത്തനം പറയുന്നു. പിന്നെയും മൂഢന് തനിക്കുതന്നെ ജ്ഞാനിയെന്നു തോന്നാതിരിക്കാൻ അവന്റെ മൂഢതക്കൊത്തവണ്ണം അവനോട് പ്രതികരിക്കണമെന്ന് അതു പറയുന്നു. നിയമം കയ്യിലെടുക്കണമെന്നല്ല നിയമം അനുവദിക്കുന്ന രീതിയിൽ ഒരു സമൂഹമായി പ്രതികരിക്കാമല്ലോ. നിയമങ്ങളെല്ലാം മനുഷ്യന്റെ നന്മയ്ക്കു വേണ്ടിയാണ്. അതുകൊണ്ടു തന്നെ അലംഘനീയമായ ഒരു നിയമവുമില്ല. ശബ്ബത്തു മനുഷ്യനുവേണ്ടിയാണ്. മനുഷ്യൻ ശബ്ബത്തിനുവേണ്ടിയല്ല. അലംഘനീയമായ പത്തുകല്പനകളിലൊന്നു കർത്താവു തന്നെ ലംഘിച്ചത് അതുകൊണ്ടാണ്.

**Non-Violence** ന്റെ മറവിൽ ഒളിക്കുന്നവരും യുദ്ധത്തിന് എതിരു പറയുന്നവരും ഒരു കാര്യം മറക്കുന്നു– യുദ്ധം അനിവാര്യമാകുന്ന സന്ദർഭങ്ങൾ ഉണ്ടാവാം. പഴയനിയമം ചോരപ്പുഴയുടെ കഥയാണ്. കുരിശുയുദ്ധങ്ങളും ഒന്നു രണ്ടും ലോകമഹായുദ്ധങ്ങളും ക്രിസ്ത്യൻ രാജ്യങ്ങൾ നടത്തിയ യുദ്ധങ്ങളുടെ കഥയാണ്. ഭരണാധികാരികളുടെ ചുമതലയാണ് ദൈവം അവരുടെ സംരക്ഷണയിൽ കൊടുത്തിരിക്കുന്ന ജനങ്ങളെ ന്യായമല്ലാത്ത വിദേശ ആക്രമണത്തിൽ നിന്നും സംരക്ഷിക്കുക എന്നുള്ളത്. എന്റെ സംരക്ഷണയിൽ തന്നിരിക്കുന്ന എന്റെ കുഞ്ഞിനെ ആരെങ്കിലും തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചാൽ പോലീസിനെ വിളിക്കാനൊന്നും മിനിക്കെടുകയില്ല. കയ്യിൽ കിട്ടുന്ന എന്തുകൊണ്ടും തകർത്തുകളയുകയാണ് ചെയ്യുന്നത്. അതാണ് കർത്തവ്യം. അതല്ലാതെ ഒരു കുഞ്ഞിനെ എടുക്കുമ്പോൾ മറ്റതിനെ കൊടുക്കുകയല്ല.

ഇടയന്റെ ചുമതലയാണ് ദൈവം തന്റെ സംരക്ഷണയിൽ തന്നിരിക്കുന്ന ആടുകളെ സൂക്ഷിക്കുകയെന്നത്. അതിന് ആവശ്യമായ ഉപകരണങ്ങളെല്ലാം–വടിയും, കോലും. കവിണയും. കല്ലുകൾ. സാമാന്യബുദ്ധി ഇതെല്ലാം ദൈവം തന്നിട്ടുണ്ട്. അതിനെ ഉപയോഗിക്കാതെ ഒരു പ്രശ്നം ഉണ്ടാകുമ്പോൾ പ്രാർത്ഥിക്കാമെന്നു പറഞ്ഞ് വേണ്ടതായ നടപടി എടുക്കാതിരിക്കുന്നത് ദൈവത്തെ പരീക്ഷിക്കുകയാണ്. ചില ശുശ്രൂഷകന്മാർക്കൊക്കെ എപ്പോഴും പ്രസംഗിക്കണമായിരിക്കും. ചുവരില്ലാതെ ചിത്രമെഴുതാൻ പറ്റില്ലല്ലോ? അതിനു മനുഷ്യരെ ബ്രയിൻവാഷ് ചെയ്ത് നിഷ്ക്രിയരാക്കേണ്ടതുണ്ടോ? ഒരു ശുശ്രൂഷകനോട് ചെറുപ്പക്കാരനായ ഒരു വ്യക്തി ചോദിച്ചു “എനിക്ക് രാഷ്ട്രീയത്തിൽ ഇറങ്ങി സേവനം ചെയ്യണമെന്നുണ്ട് എന്താണ് അഭിപ്രായം” അദ്ദേഹത്തിന്റെ മറുപടി “ക്രിസ്തു ചെയ്തിട്ടുണ്ടെങ്കിൽ ചെയ്തുകൊള്ളൂ” ക്രിസ്തു കല്യാണം കഴിക്കാതിരുന്നതുകൊണ്ട് ആരും വിവാഹം ചെയ്യരുതെന്ന് പറഞ്ഞില്ലല്ലോ? ഇത്തരുണത്തിലാണ് ജനങ്ങൾക്കുവേണ്ടി ആവശ്യമായ തലങ്ങളിൽ നിൽക്കുവാനും വാദിക്കാനും ആവശ്യമെന്നു കണ്ടാൽ ദൈവത്തിലാശ്രയിച്ച് ഒന്നു കണ്ണുരുട്ടികാണിക്കാനും യോഗ്യതകളുള്ള ജനപ്രധിനികളായ ശുശ്രൂഷകന്മാരുടെ ആവശ്യം ഉയരുന്നത്. ഏതൊരു സമൂഹത്തിലും ദൈവം മൂന്നുവിധമായ ശുശ്രൂഷകരെക്കൊണ്ടാണ് തന്റെ പദ്ധതികൾ പ്രയോഗത്തിൽ കൊണ്ടുവരുന്നത്– രാജാക്കന്മാർ , പുരോഹിതന്മാർ , പ്രവാചകന്മാർ. പഴയനിയമ കാലത്തും പുതിയ നിയമ കാലത്തും അതിന് മാറ്റമൊന്നുമില്ല. അക്ഷരാർത്ഥത്തിൽ രാജാക്കന്മാർ ഇന്നു കുറവാണെങ്കിലും ആ ശുശ്രൂഷയ്ക്കുള്ള വരം ലഭിച്ചവരെ ഭരിക്കാനുള്ള വരവുമായി ദൈവം ഇന്നും എല്ലാ സമൂഹങ്ങളിലും അയക്കുന്നുണ്ട്. വചനത്തിന്റെ തെറ്റായ വ്യാഖ്യാനവും പഠിപ്പിക്കലും കാരണം നമ്മിൽ ഭരണകർത്താക്കൾ ഇല്ലാതെ പോയി. ഭരിക്കാനുള്ള വരത്തെ മതഭരണമായി മാത്രം ഒതുക്കിയത് കണ്ണടച്ച് ഇരുട്ടാക്കുകയായിരുന്നു. സഭയുടെ ഭരണം പോലും ഭരിക്കുന്നവർ തന്നെ മാദ്ധ്യമങ്ങൾ കൂടി കൈയടക്കിയതു കാരണം പ്രവാചകന്മാരും എഴു

ത്തുകാരും ദൈവത്തിന്റെ ആലോചനകൾ നേരായ രീതിയിൽ അവതരിപ്പിക്കാൻ കഴിയാതെ വിഷമിക്കുകയാണ്.

പൗലോസിന്റെ വാക്കുകൾ ഓർമ്മവരുന്നു. ഏതു മനുഷ്യനും ശേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ.. ദൈവത്താലല്ലാതെ ഒരു അധികാരവുമില്ലല്ലോ. ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവ വ്യവസ്ഥയോടും മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. വാഴുന്നവർ സൽപ്രവർത്തികൾക്കല്ല ദുഷ്പ്രവർത്തികൾക്കത്രെ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിക്കുവാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്യുക എന്നാൽ അവനോടു പുകഴ്ച ലഭിക്കും. നിന്റെ നന്മയ്ക്കായിട്ടല്ലോ അവൻ ദൈവ ശുശ്രൂഷക്കാരനായിരിക്കുന്നത്. നീ തിന്മ ചെയ്താലോ ഭയപ്പെടുക. വെറുതെ അല്ല അവൻ വാൾ വഹിക്കുന്നത്. അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷക്കായി പ്രതികാരിയായ ദൈവശുശ്രൂഷകന്മാർ തന്നെ. അതുകൊണ്ടു ശിക്ഷയെ മാത്രമല്ല മനസാക്ഷിയെയും വിചാരിച്ചു കീഴടങ്ങുക ആവശ്യം അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവ ശുശ്രൂഷകന്മാരും ആ കാര്യം തന്നെ നോക്കുന്നവരും ആകുന്നു.(റോമർ 13:1–6)

ഭരണാധികാരികൾ അന്യായം കാണിക്കുമ്പോഴും അതിനു കൂട്ടുനിൽക്കുമ്പോഴും അവരെ ആ കാര്യം ഓർമ്മപ്പെടുത്തുവാനും അവരെ അധികാരത്തിൽ നിന്നും നീക്കാനുള്ള അധികാരവും ദൈവം നമുക്കു തന്നിരിക്കുന്നു. സമാധാനപരമായി ഒരു ജാഥ നയിക്കേണ്ടതിന്റെയോ കൊടി പിടിക്കേണ്ടതിന്റെയോ പ്രസക്തി ഇവിടെയാണ്. അതിനുപകരം ഒരു ഭക്തിയുടെ പരിവേഷം ചാർത്തി ഒളിച്ചോടുന്നത് ഭീരുത്വമാണ്. രാഷ്ട്രത്തിന്റെ ഭരണഘടനയിൽ കൂടി ഒരു പൗരൻ എന്ന നിലയിൽ ദൈവം നമുക്കു തന്നിരിക്കുന്ന അവകാശങ്ങളും ഉത്തരവാദിത്വങ്ങളും വേണ്ട എന്നു വയ്ക്കുന്നത് ബുദ്ധിപൂർവ്വമാണോ എന്നു തോന്നുന്നില്ല. ദൈവത്തിന്റെ കയ്യിലെ ആയുധങ്ങളായി ഉപയോഗിക്കുവാൻ നാം നമ്മെ സമർപ്പിക്കേണ്ടിയിരിക്കുന്നു. അവൻ എന്റെ വായെ മൂർച്ചയുള്ള വാൾ പോലെയാക്കി തന്റെ കയ്യുടെ നിഴലിൽ എന്നെ ഒളിപ്പിച്ചു. അവൻ എന്നെ മിനുക്കിയ അമ്പാക്കി തന്റെ പൂണിയിൽ മറച്ചുവച്ചു. എന്നോടു യിസ്രായേലേ നീ എന്റെ ദാസൻ. ഞാൻ നിന്നിൽ മഹത്വീകരിക്കപ്പെടും എന്നുരുളിചെയ്തു.(യെശ 49:2) ഇത്തരുണത്തിലാണ് മല്ലപ്പള്ളിയുടെ ചരിത്രം ഓർമ്മവരുന്നത്. ഈ ലേഖകനും മല്ലപ്പള്ളി സ്വദേശിയാണ്. മല്ലപ്പള്ളി എന്നു വച്ചാൽ മല്ലന്മാർ പള്ളികൊണ്ട സ്ഥലം എന്നാണ് പാരമ്പര്യം. രാജഭരണം നിലവിലിരുന്ന കാലത്ത് നാട്ടിലെ ചില പ്രമാണിമാരായിരുന്നു. ക്രമസമാധാനം പാലിച്ചിരുന്നത്. പോലീസും പട്ടാളവും ഫോൺ സൗകര്യങ്ങളും അത്യാവശ്യ സന്ദർഭങ്ങളിൽ ലഭ്യമല്ലാതിരുന്നപ്പോൾ ഈ പ്രമാണികൾ നാട്ടിലെ ന്യായാധിപന്മാരായിരുന്നു. അന്യായം കണ്ടു നോക്കിനിൽക്കാതെ കൈനിവർന്ന് ഒന്ന് കൊടുക്കുന്നതിന് അവർക്ക് ഒരു മടിയുമില്ലായിരുന്നു. അതുകൊണ്ടെന്തുണ്ടായി? രാത്രിയിൽ പോലും സ്ത്രീകൾക്കും സമൂഹത്തിലെ ബലഹീന ജനങ്ങൾക്കും വഴിപോക്കർക്കും ഭയം കൂടാതെ പുറത്തിറങ്ങി നടക്കാമായിരുന്നു. ഈ പ്രമാണിമാരോടുള്ള ബഹുമാന സൂചകമായി വഴിപോക്കർ ഈ പ്രമാണിമാർ രമിച്ച് അടക്കിയിരിക്കുന്ന സ്ഥലത്തെ മല്ലന്മാർ പള്ളികൊണ്ട സ്ഥലമെന്ന അർത്ഥത്തിൽ മല്ലപ്പള്ളി എന്നു വിളിച്ചുവരുന്നു. വളരെ അപകടം പിടിച്ച ഒരു ജോലിയാണ് അവർ ചെയ്തിരുന്നത്. കൃത്യനിർവഹണത്തിൽ ജീവൻ പോലും അപകടത്തിലാവാം. അങ്ങനെയുള്ള ചിന്തകളൊന്നും നീതി നടത്തുന്നതിൽ നിങ്ങൾക്ക് അവരെ പിന്തിരിപ്പിക്കാനാവില്ല. കൂട്ടുകാരനുവേണ്ടി ജീവനെ കൊടുക്കുന്നതിലും വലിയ സ്നേഹം എന്തിരിക്കുന്നു: ഇന്നും ദൈവം ഭരണ കർത്താക്കളെയും ന്യായാധിപന്മാരെയും പുരോഹിതന്മാരെയും പ്രവാചകന്മാരെയും അതതു സമൂഹങ്ങളിൽ എഴുന്നേൽപ്പിച്ചുകൊണ്ടിരിക്കുന്നു.

ഏതൊരു സമൂഹത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിന് ഈ മൂന്നു സ്ഥാപനങ്ങളും അതായത് രാജാവ്, പുരോഹിതൻ , പ്രവാചകൻ ഇവ മൂന്നും സ്വതന്ത്രസ്ഥാപനങ്ങളായി നിലകൊള്ളേണ്ടത് അത്യന്താപേക്ഷിതമാണ്. ക്രിസ്തീയ സഭയുടെ ചരിത്രം പഠിച്ചാൽ രാജാക്കന്മാർ പോപ്പിനെയും പോപ്പ് രാജാക്കന്മാരെയും നിയന്ത്രിക്കാൻ ശ്രമിച്ച

സന്ദർഭങ്ങൾ അനവധിയാണ്. ഭരണകർത്താക്കൾ മാദ്ധ്യമങ്ങളെ കൈക്കലാക്കിക്കൊണ്ട് പ്രവാചകന്മാരുടെ വായടക്കാൻ ശ്രമിക്കുന്നതും പുതിയ പ്രവണതകളല്ല. ഇതിന്റെ കാരണം – അഥവാ ദൈവത്തിലുള്ള വിശ്വാസക്കുറവാണെന്ന് സ്വല്പം ചിന്തിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഞാൻ നിൽക്കുന്ന സമൂഹത്തിൽ ഒരു മന്ത്രി ഉണ്ടായാൽ എനിക്കു കിട്ടുന്ന അംഗീകാരത്തിന് ഒരു ഭീഷണിയാകും എന്നു ചിന്തിക്കുന്നവർ ചിലരെങ്കിലും കാണുമായിരിക്കും.

**Palastinians**ന്റെ നേതാവായിരുന്ന **Grand Muft:** അവരുടെ സമൂഹത്തിലെ സ്വതന്ത്രചിന്തകന്മാരെയും വിദ്യാഭ്യാസവും യോഗ്യതകളും ഉള്ളവരെ തനിക്ക് ഒരു ഭീഷണിയാകും എന്ന് ഭയന്ന് ക്രമേണ തുടച്ചുനീക്കിയതാണ് ഒരു പരാജയ കാരണമായി ചിത്രീകരിച്ചിരിക്കുന്നത്. ഇസ്രയേൽ ചെയ്തത് അങ്ങനെയുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ആയിരുന്നുയ നല്ല നയതന്ത്രജ്ഞന്മാരും ഭരണകർത്താക്കളും നമ്മുടെ സമൂഹത്തിൽ ഉണ്ടാകേണ്ടിയിരുന്നു. അതുകൊണ്ട് നവീകരണ ക്രിസ്ത്യൻ സമൂഹം തങ്ങളുടെ നഗ്നത വെളിവായിട്ടും അതു മറയ്ക്കാതെ മുമ്പോട്ടു പോകുന്നതു മതിയാക്കി വേണ്ടതായ നടപടികൾ എടുക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ സമൂഹത്തിന് ഒരു പ്രശ്നം ഉണ്ടാകുമ്പോൾ മറ്റു സമൂഹങ്ങളുടെ കാൽക്കൽ വീഴാതെ നമുക്കുവേണ്ടി വാദിക്കുവാനും ഭരണം നടത്തുവാനും യോഗ്യതകളുള്ള ഭരണകർത്താക്കൾ ഓരോ സമൂഹത്തിൽ നിന്ന് എഴുന്നേൽക്കേണ്ടിയിരിക്കുന്നു. ദാനിയേലും, നെഹമ്യാവും, എസേഥറും ചെയ്തിരുന്ന ശുശ്രൂഷ മറ്റൊന്നുമല്ല. മറ്റു സമൂഹങ്ങളുടെ മദ്ധ്യേ തല ഉയർത്തി നിൽക്കുവാൻ നാം വേണ്ട നടപടികളെടുത്താൽ ദൈവം നമ്മെ സഹായിക്കും എന്നത് തീർച്ചയാണ്. ഇലക്ഷനിൽ നിൽക്കുവാനും സ്ഥാനാർത്ഥികളായി നിൽക്കുവാനും നാം തയ്യാറാകണം. നമ്മുടെ കുട്ടികളിൽ നേതൃത്വ പരിശീലനം നടത്താൻ ആവശ്യമായ സ്ഥാപനങ്ങൾ നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. **Community Association for Public Service(CAPS)**പീകരിച്ചിരിക്കുന്നത് ഈ ഉദ്ദേശത്തോടുകൂടിയാണ്. ഈ സംഘടനയുടെ ചാപ്റ്റർ നമ്മുടെ സമൂഹങ്ങളിലെങ്ങും ഉയർന്നുവരും എന്ന് ആശിക്കുന്നു. നാം കൈ തുറന്ന് പ്രവർത്തിച്ചാൽ കാരുണ്യവാനായ ദൈവത്തിന്റെ കൈകൾ നമ്മോടുകൂടെയിരിക്കും. ദൈവം അതിനു നമ്മെ സഹായിക്കും എന്ന് ആശിച്ചും പ്രാർത്ഥിച്ചും അതിനുവേണ്ടി ഒരു ചെറുവിരലെങ്കിലും അനക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കുന്നു. ഇതിലെ വിമർശനങ്ങൾ ആരും വ്യക്തിപരമായി എടുക്കാതെ നമ്മുടെയും നമ്മുടെ തലമുറകളുടെയും നന്മയ്ക്കായിട്ടാണെന്നു കരുതി ഇതിന്റെ കോപ്പി എടുത്ത് വിതരണം ചെയ്യുകയും ഒരു സമൂഹമായി ഒറ്റക്കെട്ടായി നിന്നു പ്രവർത്തിക്കാൻ ഏവരോടും അഭ്യർത്ഥിക്കുന്നു. മങ്ങിയും, മയങ്ങിയും, ഉറങ്ങിയും കഴിയുന്നവരെ നിദ്രയുടെ ആലസ്യത്തിൽ നിന്ന് ഉണർന്ന് പ്രവർത്തന നിരതരാകുവാൻ ഇത് ഉതകുമെന്ന് ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.